**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– **695035**

ഫോൺ: **0471 2302490** ഫാക്സ്: **0471 2303025 / 2303080**

ഇമെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്: **www.dhs.kerala.gov.in**

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ മുത്തുലക്ഷ്മി സി എം, അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. നം**DMOH-KSD/2428/2024-A5** തീയതി.**02.08.2024**

2. കാരണം കാണിക്കൽ നോട്ടീസ് നം **DHS/19215/2024-EA4** തീയതി **21.04.2025**

3. ഡോ ഡോ മുത്തുലക്ഷ്മി സി എം സമർപ്പിച്ച അപേക്ഷ തീയതി **03.05.2025**

**ഉത്തരവ് നം. DHS/19215/2024-EA4 തീയതി.11-12-2025**

ഡോ മുത്തുലക്ഷ്മി സി എം (**Dr Muthulakshmi C M, PEN 934739,**), **08.06.2022** ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. കാസർഗോഡ് ബദിയടുക്ക സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിൽ തുടരവെ **18.06.2024** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (**1**) പ്രകാരം കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (**work and conduct**) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (**2**) പ്രകാരം നോട്ടീസ് നൽകി. പ്രസ്തുത നോട്ടീസിന് പരാമർശം (**3**) പ്രകാരം മറുപടി സമർപ്പിച്ചിരിക്കുന്നു. വ്യക്തിപരവും ആരോഗ്യപരവുമായ കാരണങ്ങളാൽ ആരോഗ്യ വകുപ്പിൽ സേവനത്തിൽ തുടരുന്നതിന് കഴിയുന്നില്ലെന്നും അസിസ്റ്റന്റ് സർജൻ തസ്തികയിൽ

നിന്നും രാജി വയ്ക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കണമെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

(2). ഡോ മുത്തുലക്ഷ്മി സി എം സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുക്കുകയും അച്ചടക്ക നടപടിയുടെ ഭാഗമായി നൽകിയ കാരണം കാണിക്കൽ നോട്ടീസിന് രാജിവയ്ക്കുന്നതായി അറിയിക്കുകയും ചെയ്ത ടിയാളുടെ മറുപടി പരിഗണനാർഹമല്ല. ടി സാഹചര്യത്തിൽ 18.06.2024 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ മുത്തുലക്ഷ്മി സി എം അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ മുത്തുലക്ഷ്മി സി എം അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 11-12-2025 16:08:34

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Muthulakshmi C M,**

**Chilambattasseri (H), Lokamaleswaram**

**Kodungallur (PO), Thrissur- 680664.**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
കാസർഗോഡ്.
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,
സാമൂഹികാരോഗ്യ കേന്ദ്രം ബദിയടുക്ക, കാസർഗോഡ്.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ